വാഹനങ്ങൾക്ക് സാധുതയുള്ള പുക പരിശോധനാ സർട്ടിഫിക്കറ്റ് ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. സി. എഫ്. ടെസ്റ്റ് സമയത്തും ചെക്കിംഗ് സമയത്തും പുക പരിശോധനാ സർട്ടിഫിക്കറ്റ് ഉണ്ടോ എന്ന് കർശനമായി പരിശോധിക്കുകയും ആയത് ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഡീസലിന് പകരം ബദൽ ഇന്ധന സ്രോതസ്സ് സംവിധാനം

232 (4021) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസൽ വില വർദ്ധന കണക്കിലെടുത്ത് ബദൽ ഇന്ധനസ്രോതസ്സുകളെക്കുറിച്ച് ആരായാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ ; ഇതു സംബന്ധിച്ച് ഗവേഷണ പ്രവർത്തനങ്ങളെന്തെങ്കിലും നടത്താൻ ആലോചനയുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഡീസൽ വില വർദ്ധനയുടെ പേരിൽ ഉണ്ടാകുന്ന ഏതുവിധത്തിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. ഉപയോഗിക്കുന്ന ഡീസലിന് വിലവർദ്ധന മൂലം നികുതിയിനത്തിൽ സംസ്ഥാനസർക്കാരിന് ലഭിക്കുന്ന അധിക വരുമാനം കെ.എസ്.ആർ.ടി.സി.ക്ക് ധനസഹായമായി നൽകാൻ ആവശ്യപ്പെടുമോ ;

(ഡി) എൽ.പി.ജി. ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ബസ് ഓടിക്കാൻ സംവിധാനം ഉണ്ടോ ; ഇല്ലെങ്കിൽ പുതുതായിറക്കുന്ന ബസ്സുകളിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) സി. എൻ. ജി. 2012-ൽ കേരളത്തിൽ ലഭ്യമാകുന്ന മുറയ്ക്ക് കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ സി. എൻ. ജി. ഇന്ധനമായി ഉപയോഗിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ട്. ഇതിനായി 2012, 2013 വർഷങ്ങളിൽ കെ. എസ്. ആർ. ടി. സി. ക്ക് ആവശ്യമായ ഉപഭോഗ തോത് KSIDC, GAIL എന്നിവരേയും അറിയിച്ചിട്ടുള്ളതാണ്. ഗവേഷണപ്രവർത്തനങ്ങൾ നടത്താൻ KSRTCക്ക് ഇപ്പോൾ സാഹചര്യമില്ല.

(ബി) കെ. എസ്. ആർ. ടി. സി. പ്രതിദിനം ശരാശരി 4 ലക്ഷം ലിറ്റർ ഡീസൽ ഉപയോഗിക്കുന്നുണ്ട്. ഇപ്പോഴത്തെ വർദ്ധനവായ ലിറ്ററിന് 2.09 രൂപയുടെ ചെലവ് നിമിത്തം കെ. എസ്. ആർ. ടി. സി. ക്ക് പ്രതിമാസം 2.50 കോടി രൂപയുടെ അധികബാദ്ധ്യതയുണ്ടായി. അധികബാദ്ധ്യത സർക്കാരിൽ നിന്ന് ലഭ്യമാക്കണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു.

(സി) ഡീസൽ വില വർദ്ധനവുമൂലമുള്ള അധികബാദ്ധ്യത കെ. എസ്. ആർ. ടി. സി. ക്ക് താങ്ങാവുന്നതിലും അപ്പുറമായതിനാൽ ടി ബാദ്ധ്യതയ്ക്കു തുല്യമായി സർക്കാർ സഹായം നൽകണമെന്ന് കെ. എസ്. ആർ. ടി. സി. ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എൽ. പി. ജി. ഉപയോഗിച്ച് കെ. എസ്. ആർ. ടി. സി. ബസ് ഓടിക്കാൻ നിലവിൽ സംവിധാനമില്ല. പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഇന്ധനച്ചെലവിലുണ്ടാകുന്ന ലാഭം

233 (4022) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെണ്ടർ ക്ഷണിച്ച് ബസ് വാങ്ങിയതിലൂടെയും കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ തന്നെ ബസ് ബോഡി നിർമ്മിച്ചതിലൂടെയും എത്ര തുക ഇതിനകം ലാഭിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓപ്പൺ ടെണ്ടർ മുഖേന വാങ്ങിയതിന്റെ ഫലമായി 2005-ലെ വിലയേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് ഷാസികൾ വാങ്ങിയത്

ഷാസികളുടെ വില നിലവാരം

ഇനം	വർഷം			
	2005	2007	2008	2010
ടാറ്റ	7,98,750	6,86,250	7,43,000	7,03,626
ലൈലാന്റ്	8,15,8187,	7,16,200	7,43,000	7,03,626

2007 മുതൽ സ്പീഡ് ഗവേർണർ, ഓട്ടോമാറ്റിക്ക് സ്ലാക് അഡ്ജസ്റ്റർ, പ്രത്യേകമായ ഡ്രൈവർ സീറ്റ്, കോർപ്പറേഷന്റെ കോഴിക്കോട് മുതൽ തിരുവനന്തപുരം വരെയുള്ള വർക്ക്ഷോപ്പുകളിൽ ഷാസികൾ എത്തിച്ചുതരുന്നതുൾപ്പെടെയുള്ള ഏകദേശം 39,000 രൂപയുടെ അധിക ചെലവുകൾ കൂടി വാഹന നിർമ്മാതാക്കൾ തന്നെയാണ് വഹിക്കുന്നത്. ഈ അധികച്ചെലവ് കമ്പനികൾ വഹിക്കുന്നത് കൂടി കണക്കാക്കിയാൽ 2005-ൽ വാങ്ങിയ ഷാസികളേക്കാൾ 2007-ലും 2008-ലും 2010-ലും ഷാസി ഒന്നിന് താഴെപ്പറയുന്ന രീതിയിൽ ലാഭം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ഇനം	വർഷം		
	2007	2008	2010
ടാറ്റ	1,51,500	94,750	1,34,124
ലൈലാന്റ്	1,38,618	1,11,818	1,51,192

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറത്തെ വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിച്ച ബസ്സുകൾക്ക് ശരാശരി 5,29,000 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly